പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1203 12.07.2016-ലെ മറുപടിക്ക്

സ്കാനിയ ബസുകൾ അനുവദിക്കാൻ നടപടി

| ചോദ്യം<br>ശ്രീമതി. പി. അയിഷാ പോറ്റി | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.റ്റി.സി. എത്ര സ്കാനിയ ബസുകളാണ് നിരത്തിലിറക്കിയത് എന്നും ബസ് ഒന്നിന് എത്ര തുകയാണ് ചെലവായത് എന്നും വ്യക്തമാക്കുമോ; | (എ) | കെ.എസ്.ആർ.ടി.സി 18 സ്കാനിയ ബസ്സുകളാണ് നിരത്തിലിറക്കിയത്. ബസ്സ് ഒന്നിന് രൂപ 99,15,923.69/- (എല്ലാ നികുതികളും ഉൾപ്പെടെ). ആകെ 18 സ്കാനിയ ബസ്സുകൾ വാങ്ങുന്നതിനായി 17.85 കോടി രൂപ ചെലവ് ആയി. |
| (ബി) | പ്രസ്തുത ബസുകൾ ഏതെല്ലാം ഡിപ്പോയിൽ നിന്നുമാണ് സർവ്വീസ് നടത്തുന്നത്; | (ബി) | പ്രസ്തുത ബസ്സുകളിൽ 16 എണ്ണം തിരുവനന്തപുരം സെൻട്രൽ ഡിപ്പോയിൽ നിന്നും 2 എണ്ണം ആലപ്പുഴ ഡിപ്പോയിൽ നിന്നാണ് സർവ്വീസ് നടത്തുന്നത്. |
| (സി) | നിലവിൽ എത്ര സ്കാനിയ ബസുകൾ സർവ്വീസ് നിർത്തിയിട്ടുണ്ട്; കാരണങ്ങൾ വിശദമാക്കുമോ; | (സി) | 04.07.2016-ലെ കണക്കനുസരിച്ച് 18 സ്കാനിയ ബസ്സുകളിൽ ഒരു ബസ്സ് അപകടത്തിൽപ്പെട്ടതിനെ തുടർന്ന് സർവ്വീസ് നിർത്തിയിരിക്കുകയാണ്. ബാക്കി എല്ലാ സ്കാനിയ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ട്. |
| (ഡി) | കൊട്ടാരക്കര ഡിപ്പോയിൽ നിന്നും സർവ്വീസ് നടത്തുന്ന ബാംഗ്ലൂർ, മുകാംബിക സർവീസുകൾക്കായി സ്കാനിയ ബസ് അനുവദിക്കാൻ നടപടി എടുക്കുമോ? | (ഡി) | ലഭ്യമായ ബസുകൾ എല്ലാംതന്നെ തിരുവനന്തപുരം സെൻട്രൽ, ആലപ്പുഴ എന്നീ ഡിപ്പോകൾക്ക് അനുവദിച്ച് സർവ്വീസ് ആരംഭിച്ചിട്ടുള്ളതിനാൽ കൊട്ടാരക്കര ഡിപ്പോയ്ക്ക് അനുവദിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിൽ ഇല്ല. ബസിന്റെ ലഭ്യത അനുസരിച്ച് പരിഗണിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ